**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **12-02-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യസംസ്കരണ പദ്ധതിക്കായി തനത് ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യസംസ്കരണത്തിനുള്ള കേന്ദ്രഫണ്ട് നടപ്പ വർഷം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത കേന്ദ്രഫണ്ട് ലഭിക്കുന്നതിനായി മുൻവർഷത്തെ പ്രവർത്തന പുരോഗതിയും ഫണ്ട് ചെലവിടലും സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മാലിന്യ സംസ്കരണത്തിനുള്ള കേന്ദ്രഫണ്ട് നടപ്പ സാമ്പത്തിക വർഷം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. കേന്ദ്ര ഫണ്ട് ലഭിക്കുന്നതിനായി മുൻവർഷത്തെ പ്രവർത്തന പുരോഗതിയും ഫണ്ട് ചെലവിടലും സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രഫണ്ടിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്ത നവകേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ ബാധ്യത കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം അവയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയ ശേഷമാണോ നിർദ്ദേശം നൽകിയതെന്ന് വിശദീകരിക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ MCF / RRF കളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാത്തതിനാൽ തീപിടുത്തം ഉൾപ്പെടെയുള്ള ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വികസന ഫണ്ട്, ടൈഡ് ഫണ്ട് മുതലായവ ലഭ്യമാകുന്ന കാലയളവ് വരെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ.(സാധാ)നം.2076/2023/LSGD, തീയതി 21.10.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നടപ്പ് വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണ വേളയിൽ മാലിന്യസംസ്കരണ പദ്ധതികൾ കൂടുതൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നിലവിലിരിക്കെ തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം തനത് വരുമാനം കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ MCF / RRF കളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാത്തതിനാൽ തീപിടുത്തം ഉൾപ്പെടെയുള്ള ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വികസന ഫണ്ട്, ടൈഡ് ഫണ്ട് മുതലായവ ലഭ്യമാകുന്ന കാലയളവ് വരെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ.(സാധാ)നം.2076/2023/LSGD, തീയതി 21.10.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ